# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---


**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 10 ഞായർ**


---

# തീരദേശ ഹൈവേ: ദേശീയ തലത്തിൽ ഏറ്റവും നീളം കൂടിയ സൈക്കിൾ ട്രാക്ക് ഉള്ള റോഡാകും -മന്ത്രി ജി.സുധാകരൻ

ആലപ്പുഴ: ഇന്ത്യയിലെ ആദ്യത്തെ 651 കിലോമീറ്ററോളം സൈക്കിൾ ട്രാക്കുള്ള റോഡായി മാറുന്ന വിധത്തിൽ ആധുനിക സംവിധാനങ്ങളോടെയാണ് തീരദേശ ഹൈവേ നിർമിക്കുകയെന്ന് പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പുമന്ത്രി ജി.സുധാകരൻ പറഞ്ഞു. കേരള സർക്കാറിന്റെ സ്വപ്നപദ്ധതിയായ തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് തുടക്കം കുറിച്ച്, മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോമീറ്റർ റോഡിന്റെ നിർമാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആലപ്പുഴ കളക്ട്രേറ്റിൽ നിന്ന് വീഡിയോ കോൺഫ്രൻസ് വഴിയാണ് പ്രവർത്തിയുടെ നിർമാണ ഉദ്ഘാടനം മന്ത്രി നിർവഹിച്ചത്. കേരളത്തിന്റെ ഗതാഗത ടൂറിസം മേഖലക്ക് അനന്യസാധ്യതകൾ നൽകുന്ന പദ്ധതിയാണ് തീരദേശഹൈവേ. ഇതിനായി കേരളാ സർക്കാർ 6500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് മന്ത്രി ജി.സുധാകരൻ പറഞ്ഞു.

നിരവധി പാലങ്ങളും മേൽപാലങ്ങളും അടങ്ങുന്നതാണ് ഈ പദ്ധതി. മൊത്തം 14 മീറ്റർ വീതിയിൽ വിഭാവനംചെയ്തിട്ടുള്ള ഈ റോഡിൽ വാഹനഗതാഗതത്തിനും സൈക്കിൾ സവാരിക്കും കാൽനടയാത്രക്കാർക്കും പ്രത്യേകം അടയാളപ്പെടുത്തിയ വഴികൾ ഉണ്ടാവും. കിഫ്ബി വഴിയാണ്പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോമീറ്റർ നിർമ്മാണത്തി നാണ് തുടക്കം കുറിച്ചത്. നിർമാണം ആരംഭിക്കുന്ന ഇവിടെ 14 മുതൽ 25 മീറ്റർ വരെ വീതിയുണ്ട്. പഴയ ടിപ്പുസുൽത്താൻ റോഡായ ഈ ഭാഗം ടിപ്പുസുൽത്താൻ റോഡായ ഈ ഭാഗം തീരദേശഹൈവേയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് കിഫ്ബിയിൽ നിന്ന് 52.78 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. ടെണ്ട ർ നടപടികൾ പൂർത്തിയായിപദ്ധതി ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺടാക്റ്റിംഗ്, സൊസൈറ്റിയാണ്. 18

മാസമാണ് പദ്ധതി പൂർത്തീകരിക്കുന്നതിന് കാലാവധി നൽകിയിട്ടുള്ളത്.

വാഹന ഗതാഗതത്തിന് ഒമ്പത് മീറ്ററും സൈക്കിൾ പാതക്ക് രണ്ടു മിറ്ററും കാൽനടയാത്രക്കാർക്കായി നടപ്പാതയും ഒരുക്കും. ആവശ്യമായ സ്ഥലങ്ങളിൽ ബസ് കാത്തിരിപ്പുകേന്ദ്രങ്ങളും ബസ്ബേകളും നിർമ്മിക്കും. പൂർണമായും സ്ഥലം ലഭ്യമാകുന്നതുവരെ കാത്തിരിക്കാതെ സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ പണി ആരംഭിക്കുക എന്ന നയമാണ് സർക്കാർ ഇപ്പോൾ പിന്തുടരുന്നത്. തവനൂർ, തിരൂർ, താനൂർ നിയോജകമണ്ഡലങ്ങളിലെ തദ്ദേശവാസികൾക്ക് ഏറെ ഗുണകരമാവുന്ന പദ്ധതിയാണിതെന്ന് മന്ത്രി ജി.സുധാകരൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

## മലയോര ഹൈവേ: കോളിച്ചാൽ-ചെറുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്കും തുടക്കമായി

ആലപ്പുഴ: സർക്കാരിന്റെ സ്വപ്ന പദ്ധതിയായ മലയോര ഹൈവേയുടെ ഭാഗമായി കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽപ്പെട്ട ഹോസ്ദുർഗ് - പാണത്തൂർ സംസ്ഥാന പാതയിലെ കോളിച്ചാലിൽ നിന്ന് ആരംഭിച്ച് വെള്ളുർ-പടിയോട്ടുചാൽ- പുളിങ്ങോം റോഡിലെ ചെറുപുഴയിൽ അവസാനിക്കുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ഉദ്ഘാടനവും ആലപ്പുഴയിൽ നിന്ന് വീഡിയോ കോൺഫ്രൻസ് വഴി പൊതുമരാമത്ത് റജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിച്ചു. മലയോര ഹൈവേയുടെ റീച്ചുകളിൽ കണ്ണൂരിൽ മൂന്നെണ്ണത്തിൽ രണ്ടെണ്ണവും വയനാട്ടിൽ ഒരെണ്ണവും കാസർകോട് മൂന്നെണ്ണവും കൊല്ലത്ത് ഒരെണ്ണവും തിരുവനന്തപുരത്ത് രണ്ടെണ്ണവും പൂർത്തീയായതായി മന്ത്രി പറഞ്ഞു. തിരുവനന്തപുരം കേരള റോഡ് ഫണ്ട് ചീഫ് എൻജിനിയർ ഓഫീസിൽ നിന്ന് ടെൻഡർ ചെയ്യുകയും ഊരാളുങ്കൽ ലേബർ സൊസൈറ്റിയെ 77.38 കോടി രൂപക്ക് പ്രവർത്തി ഏൽപ്പിച്ചതായും 24 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുകയാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. 30.377 കി.മീറ്റർ നീളത്തിലൂടെ റോഡിന്റെ വികസനമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. നിലവിലുള്ള റോഡിന്റെ ആകെ വിതി 12 മീറ്റർ വർദ്ധിപ്പിച്ച് ആവശ്യമായ കലുങ്കുകളും ഓടകളും പാർശ്വഭിത്തി നിർമ്മാണവും കോൺക്രീറ്റ് കവറിംഗ് സ്ലാബുകൾ, നടപ്പാത മുതലായവയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഈ റോഡിന് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകൊടുത്ത നാട്ടുകാർക്ക് മന്ത്രി പ്രത്യേകം നന്ദി പറഞ്ഞു. മലയോര ഹൈവേയുടെ ഭാഗമായി നിർമിക്കുന്ന പ്രധാന റോഡാണിതെന്ന് മന്ത്രി പറഞ്ഞു.

## കണ്ണൂർ, വയനാട് ജില്ലകളിലെ രണ്ട് പ്രധാന റോഡുകളുടെ ഉദ്ഘാടനം മന്ത്രി വീഡിയോ കോൺഫ്രൻസിലൂടെ നിർവഹിച്ചു

<u>മാനന്തവാടി-പക്രന്തളം റോഡ്</u>

ആലപ്പുഴ: കിഫ്ബി 2016-17-ൽ ഏറ്റെടുത്ത മാനന്തവാടി നിയോജക മണ്ഡലത്തിലെ പ്രധാന റോഡായ മാനന്തവാടി-പക്രന്തളം റോഡിന്റെ ഭാഗമായുള്ള നിർമാണപ്രവർത്തികളുടെ ഉദാഘാടനം ആലപ്പുഴയിൽ നിന്ന് വീഡിയോ കോൺഫ്രൻസ് വഴി പൊതുമരാമത്ത് റജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിച്ചു. വയനാട് ജില്ലയിൽ മാനന്തവാടി നഗരത്തിൽ നിന്നാരംഭിച്ച്, കോഴിക്കോട്

ജില്ലയിലെ കുറ്റ്യാടിയുമായി ബന്ധിപ്പിക്കുന്ന റോഡിലെ പക്രന്തളം എന്ന സ്ഥലത്ത് അവസാനിക്കുന്ന മാനന്തവാടി-പക്രന്തളം റോഡ്, മാനന്തവാടി മുനിസിപ്പാലിറ്റി, വെള്ളമുണ്ട്, തൊണ്ടർനാട് എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്.

ജില്ലാ പാത വിഭാഗത്തിൽ വരുന്ന റോഡിന്റെ മുഴുവൻ നീളം 32 കി.മീ ആണ്. ഇതിൽ 5 കി.മീ നീളമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തി ആരംഭിക്കുന്നത്. 16 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പദ്ധതിയാണിത്.

ഊരാളുങ്കൽ ലേബർ സൊസൈറ്റി കരാർ ഏറ്റെടുക്കുകയും ഒരു വർഷം കൊണ്ട് പണി പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള റോഡ് 7 മീറ്ററിലേക്ക് ടാറിംഗ് കൂട്ടി ജി.എസ്.ബി.,ഡബ്ല്യൂ.എം.എം, ഡി.ബി.എം ആന്റ് ബിസി എന്നിവ ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തുന്നതിനും, പ്രധാന നഗരങ്ങളായ തൊണ്ടർനാട്, കോറോം എന്നിവയുടെ നവീകരണം, ഫുട്ട്പാത്ത് നിർമ്മാണം, ഓടകൾ, യൂട്ടിലിറ്റി ഡക്റ്റ്, കാസ് ഡക്റ്റ്, റോഡ്സേഫ്റ്റി വർക്കുകൾ എന്നിവയും മറ്റു അനുബന്ധ പ്രവർത്തികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>കാട്ടാമ്പള്ളിക്കടവ് -കൂവേരി- ചപ്പാരപ്പടവ് -മംഗര-ചാണോക്കുണ്ട്- തടിക്കടവ് റോഡ് പുനരുദ്ധാരണം</u>

ആലപ്പുഴ: കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളായ കാട്ടാമ്പള്ളിക്കടവ്' കൂവേരി- ചപ്പാരപ്പടവ് -മംഗര- ചാണാക്കുണ്ട് റോഡും ചാണാക്കുണ്ട്'തടിക്കടവ് റോഡും ബന്ധിപ്പിച്ച് 18. 150 കി. മി. ദുരം കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്ന റോഡ് പ്രവർത്തികളുടെ ഉദാഘാടനം ആലപ്പുഴയിൽ നിന്ന് വീഡിയോ കോൺഫ്രൻസ് വഴി പൊതുമരാമത്ത് റജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിച്ചു.

ഈ റോഡ് ചപ്പാരപ്പടവ് പഞ്ചായത്തിലെ കാട്ടാമ്പള്ളി, കൂവേരി,ചപ്പാരപ്പടവ്, മംഗര ചാണാക്കുണ്ട്, തടിക്കടവ്, കരിങ്കയം പ്രദേശങ്ങളെ ബന്ധി
പ്പിച്ചു കൊണ്ട് തളിപ്പറമ്പ് നിയോജക മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്. ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തളിപ്പറമ്പ് ടൗണിലേക്കും താലൂക്ക് ജില്ലാ ആസ്ഥാനങ്ങളിലേക്കും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കും എളുപ്പത്തിൽ എത്തിച്ചേരാനുതകുന്ന റോഡുമാണിത്. സർക്കാർ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 6799 ലക്ഷം രൂപ പ്രവൃത്തിക്കായി അനുവദിച്ചു. പ്രവൃത്തിയുടെ ടെണ്ടർ പ്രൊജക്റ്റ് ഡയറക്ടർ, കെ.ആർ.എഫ് ബിതിരുവനന്തപുരമാണ് നടത്തിയത്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിവടകര ടെണ്ടർ അംഗീകരിക്കുകയും രണ്ട് വർഷത്ത് നിർമ്മാണ കാലാവധിയിൽ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള റോഡ് 10 മീറ്റർ വീതിയിൽ ആണെങ്കിലും 12 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് റോഡിന് ഇരുവശവുമുള്ള നാട്ടുകാർ സൗജന്യമായി സ്ഥലം വിട്ടു നൽകാൻ സന്നദ്ധരായിട്ടുണ്ട്.

# ജില്ലയിലെ നിരത്തുകൾ പൂർണമായും അന്തർദേശിയ നിലവാരത്തിലാക്കും -മന്ത്രി ജി. സുധാകരൻ

ആലപ്പുഴ : രണ്ടുവർഷം കൊണ്ട് ജില്ലയിലെ ഭൂരിപക്ഷം റോഡുകളും അന്തർദേശിയ നിലവാരത്തിലേക്ക് ഉയരുമെന്ന് പൊതുമരാമത്തു വകുപ്പ് മന്ത്രി ജി. സുധാകരൻ

പറഞ്ഞു. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ത്രിവേണി ജംഗ്ഷൻ - ഗുരുമന്ദിരം പറവൂർ ലൈബ്രറി റോഡ് പക്കി ജംഗ്ഷൻ മുതൽ വടക്കോട്ട് പഴവീട് ആൽത്തറ ജംഗ്ഷൻ വരെയുള്ള റോഡുകളുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ കാലം പുതിയ നിർമ്മാണമെന്ന മുദ്രാവാക്യവുമായി പൊതുമരാമത്ത് വകുപ്പ് മുന്നേറുകയാണ്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന വിവിധ റോഡുകൾ സി. ആർ. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണനുമതിയും ദേശിയ പാത ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതിയും ലഭിച്ചു. ത്രിവേണി - വട്ടയാൽ - കുതിരപ്പന്തി റോഡ്, ഗുരുമന്ദിരം റോഡ്, പറവൂർ ഷാപ്പ് ജംഗ്ഷൻ - പബ്ലിക് ലൈബ്രറി റോഡ്, മാത്തൂർ ലൈൻ - നെൽപ്പുരയ്ക്കൽ റോഡ്, കുന്തികുളങ്ങര - കളപ്പുരയ്ക്കൽ റോഡ്, എസ്. ബി. ഐ - ഇരുവപ്പറമ്പ് റോഡ്, കൊന്നയ്ക്കപള്ളി -മന്നത്തുചിറ റോഡ്, പക്കി ജംഗ്ഷൻ റോഡ്, പഴവീട് - ഗാന്ധി വിലാസം റോഡ്, കണിയാംകുളം - എരുവപറമ്പ് റോഡ്, ദേവിനഗർ റോഡ്, തേജസ് നഗർ റോഡ് മാധവശ്ശേരി - അതിത്തറ റോഡ്, കോർന്നാൽ - കൊന്നയ്ക്കപള്ളി റോഡ്, ഗലിലിയോ - പനച്ചുവട് റോഡ് എന്നിവയാണ് പുനർനിർമ്മാണം നടക്കുന്ന റോഡുകൾ.

മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ് മുഖ്യാതിഥിയായി. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.എം.ജുനൈദ്,ദേശീയപാത ചീഫ് എഞ്ചിനീയർ എം. അശോക് കുമാർ, ദേശിയ പാത എക്സിക്യൂട്ടീവ് എഞ്ചിനീയർ സിനി, സൂപ്രണ്ടിംഗ് എഞ്ചിനീയർ ദേശീയപാത ദക്ഷിണ മേഖല വിഭാഗം എസ്. സജീവ്, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.